കേരള കാർഷിക സർവകലാശാല
കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

മാങ്ങ വിളവെടുപ്പ് ക്വട്ടേഷൻ/ലേലം നോട്ടീസ്

സി ആർ എം(അക്കൗ)49/2026

മാടക്കത്തറ, തീയതി 09/01/2026

കേരള കാർഷിക സർവകലാശാലയുടെ മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ കായ്ഫലം തരുന്ന മാവിൽ നിന്ന് 2026 ഫെബ്രുവരി മുതൽ സിസൺ കഴിയുന്നതുവരെയുള്ള കാലയളവിലേക്ക് മാങ്ങ വിളവെടുക്കുവാനുള്ള അവകാശത്തിനായി താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്ര വച്ച ക്വട്ടേഷനുകൾ/ലേലം ക്ഷണിക്കുന്നു.

സ്ഥലം	കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ
വസ്തു	മാങ്ങ വിളവെടുപ്പ്
കാലയളവ്	2026 ഫെബ്രുവരി മുതൽ സിസൺ കഴിയുന്നതുവരെ
ക്വട്ടേഷൻ തുറക്കുന്ന സമയം	15/01/2026 കാലത്ത് 11.30 മണി
നിരതദ്രവ്യം	500/-

ക്വട്ടേഷൻ/ ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 500 രൂപ (അഞ്ഞൂറ് രൂപ മാത്രം) 15/01/2026 11.00 മണിക്കു മുമ്പായി കെട്ടിവയ്ക്കേണ്ടതാണ്.

15/01/2026 ന് കാലത്ത് 11.30 മണിയ്ക്ക് മുദ്ര വച്ച ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദേശിച്ചിട്ടുള്ള വ്യക്തിയുടെ പേരിൽ ഗവേഷണ കേന്ദ്രം മേധാവിയുടെ യുക്താനുസരണം ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.

ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഫാമിലെ മാവ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ഫാം സൂപ്രണ്ടിന്റെ മുൻകൂർ അനുമതിയോടുകൂടി സന്ദർശിക്കാവുന്നതാണ്.

നിബന്ധനകൾ

1. ക്വട്ടേഷൻ/ലേല തുക വളരെ വ്യക്തമായി അക്കത്തിലും അക്ഷരത്തിലും എഴുതിയിരിക്കണം. ക്വട്ടേഷനുകൾ അസോസിയേറ്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ എന്ന പേരിൽ ആയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ തുറക്കുന്ന സമയത്ത് നിരദതദ്രവ്യം അടച്ചിട്ടുണ്ടാകണം.
2. ക്വട്ടേഷൻ കവറിന് പുറത്ത് "മാങ്ങ വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ 2026" എന്ന് വ്യക്തമായി എഴുതിയിരിക്കണം. ക്വട്ടേഷനറുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതാണ്.
3. ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവർക്ക് താത്പര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
4. വിളവെടുക്കാനുള്ള കാലവധി കരാർ ഒപ്പിട്ട തിയതി മുതൽ മാങ്ങയുടെ സിസൺ കഴിയുന്നതു വരെയായിരിക്കും.
5. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്/പാൻ കാർഡ്/അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും ഹാജരാക്കണം.
6. മാങ്ങയുടെ ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്ന ആൾ തുകയുടെ മൂന്നിൽ ഒരു ഭാഗം ലേല ദിവസം വൈകീട്ട് 3 മണിക്കുള്ളിൽ കേരള കാർഷിക സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ട് നമ്പർ 41795456881, IFSC : SBIN0070210 മുഖേന അടയ്ക്കേണ്ടതാണ്. ബാക്കി തുക ലേലം ഉറപ്പിച്ച തിയതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ റദ്ദു ചെയ്യുന്നതും ക്വട്ടേഷനിൽ ഉണ്ടാകുന്ന നഷ്ടം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തി / സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമാണ്.

7. കട്ടേഷൻ ലഭിക്കുന്ന വ്യക്തി 20/01/2026 നു 1000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി 67218790471 എന്ന അക്കൗണ്ടിലേക്കും കട്ടേഷൻ തുകയുടെ 2/3 ഭാഗവും 20/01/2026 ന് മുൻപായി കേരള കാർഷിക സർവകലാശാലയുടെ ബാങ്ക് അക്കൗണ്ട് നമ്പർ 41795456881, IFSC : SBIN0070210 മുഖേന അടയ്ക്കേണ്ടതാണ്.
8. മാങ്ങയുടെ വിളവെടുപ്പ് ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും ഫാം സൂപ്രണ്ട് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ വിളവെടുപ്പ് നടത്തേണ്ടതുമാണ്. ഓരോ വിളവെടുപ്പിലും ലഭിക്കുന്ന മാങ്ങയുടെ എണ്ണം/തൂക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ പുറത്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.
9. കട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന ആൾ കട്ടേഷൻ നിബന്ധനകൾ പാലിക്കാത്ത പക്ഷം അടച്ച തുക മുഴുവൻ സർവ്വകലാശാലയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുൾപ്പെടെയുള്ള മേൽ നടപടികൾക്ക് വിധേയനാകും.
10. വിളവെടുക്കുമ്പോൾ ഫാമിലെ വസ്തുവകകൾക്കോ, മറ്റു വിളകൾക്കോ കേടുപാടുകൾ വരുത്താൻ പാടില്ല. മറിച്ച് സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
11. ലേലം ഉറപ്പിച്ച് കിട്ടുന്ന ആളിന്റെ നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും സിസൺ കാലാവധിക്ക് ശേഷമേ ഓഫീസിൽ നിന്നും തിരികെ നൽകൂ.
12. ഓരോ ദിവസവും വിളവെടുക്കുന്ന മാങ്ങ അപ്പോൾ തന്നെ ഓഫീസിൽ നിന്നും ഗേറ്റ് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. ഫാമിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല. അവധി ദിവസങ്ങളിൽ വിളവെടുപ്പ് അനുവദിക്കുന്നതല്ല.
13. വിളവെടുപ്പ് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ആയിരിക്കണം. മാങ്ങ വൈകീട്ട് 5 മണിക്ക് ശേഷം ഫാമിൽ നിന്നും കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.
14. കട്ടേഷൻ സംബന്ധമായ അന്തിമ തീരുമാനമെടുക്കുവാനും ലേലം റദ്ദ് ചെയ്യാനും മാറ്റി വയ്ക്കാനുമുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.
15. ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ എല്ലാ നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200/- രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് 20/01/2026 ന് മുൻപായി നൽകേണ്ടതാണ്.
16. കട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ് കൊട്ടേഷനോടപ്പം സമർപ്പിക്കേണ്ടതാണ്

ഗവേഷണ കേന്ദ്രം മേധാവി

Associate Professor & Head
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur - 680 651

പകർപ്പ്-

1. നോട്ടീസ് ബോർഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ
2. കെ എ യു വെബ്സൈറ്റ്
3. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
4. കൃഷിഭവൻ, ഒല്ലൂക്കര
5. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
6. ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
7. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി, നോട്ടീസ് ബോർഡ്
8. പി പി എൻ എം യു, നോട്ടീസ് ബോർഡ്
9. ബി ആർ എസ്, കണ്ണാറ, നോട്ടീസ് ബോർഡ്
10. ഫാം ഓഫീസ്, സി ആർ എസ്, മാടക്കത്തറ

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY